പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6644 04.04.2018-ലെ മറുപടിക്ക്

## റെയിൽവേ വികസനത്തിനായി ബജറ്റ് വിഹിതം

ചോദ്യം

ശ്രീമതി. യു. പ്രതിഭ ഹരി

ഉത്തരം

ജി. സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി 2016-2017,2017-2018 വർഷങ്ങളിലെ റെയിൽവേ ബജറ്റിൽ എത്ര തുക വീതമാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി 2016-2017 സാമ്പത്തിക വർഷത്തിൽ 1014.06 കോടി രൂപയും 2017-2018 സാമ്പത്തിക വർഷത്തിൽ 851.28 കോടി രൂപയും റെയിൽവേ ബജറ്റിൽ നീക്കി വച്ചിരുന്നു. |
| (ബി) | ഇതിൽ എറണാകുളം-കോട്ടയം-കായംകുളം പാതയിരട്ടിപ്പിക്കലിനും എറണാകുളം-ആലപ്പുഴ-കായംകുളം പാത ഇരട്ടിപ്പിക്കലിനും നീക്കി വച്ച തുക എത്രയായിരുന്നു; അതിൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണ്; | (ബി) | എറണാകുളം-കോട്ടയം-കായംകുളം പാതയിരട്ടിപ്പിക്കലിന് 2016-17 സാമ്പത്തിക വർഷത്തിൽ 227.50 കോടി രൂപ നീക്കി വയ്ക്കുകയും 222.20 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 151.37 കോടി രൂപ നീക്കി വയ്ക്കുകയും 59.76 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.<br>എറണാകുളം-ആലപ്പുഴ-കായംകുളം പാത ഇരട്ടിപ്പിക്കലിന് 2016-17 സാമ്പത്തിക വർഷത്തിൽ 243.20 കോടി രൂപ നീക്കി വയ്ക്കുകയും 75.92 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 165.08 കോടി രൂപ നീക്കി വയ്ക്കുകയും 38.83 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | തിരുനാവായ-ഗുരുവായൂർ പാതയ്ക്കും അങ്കമാലി -എരുമേലി പാതയ്ക്കും എത്ര തുക നീക്കി വെച്ചിരുന്നുവെന്നും ഇതുവരെ എത്ര തുക വീതം ചെലവഴിച്ചുവെന്നും അറിയിക്കുമോ? | (സി) | തിരുനാവായ-ഗുരുവായൂർ പാതയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ നീക്കി വയ്ക്കുകയും 6.79 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 18 കോടി രൂപ നീക്കി വയ്ക്കുകയും 0.29 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. അങ്കമാലി -എരുമേലി പാതയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപ നീക്കി വയ്ക്കുകയും 56.79 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 213.59 കോടി രൂപ നീക്കി വയ്ക്കുകയും 6.38 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ